# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 29, ബുധന്‍
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 30)

| |
|---|
| മറുപടി നല്‍കുന്ന മന്ത്രിമാര്‍ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും |
| നോര്‍ക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും |
| സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

<u>ജൈവകൃഷി പ്രോല്‍സാഹിപ്പിക്കാന്‍ പദ്ധതി</u>

*271 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, കെ. ശിവദാസന്‍ നായര്‍
,, എ. റ്റി. ജോര്‍ജ്
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോല്‍സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഈ പദ്ധതി ഏതെല്ലാം മേഖലകളില്‍ പ്രവര്‍ത്തിച്ച് വരുന്നുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിന് ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ഗാർഹികജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നവർക്കു നൽകുന്ന ഇളവുകൾ

*272 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹികജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്നവർക്ക് അതിനു ചെലവായ തുകയുടെ 90% വരെ സബ്സിഡി നൽകുമെന്ന തീരുമാനം എത്രത്തോളം നടപ്പിലാക്കിയെന്നു വെളിപ്പെടുത്തുമോ;

(ബി) ഇവർക്കു കെട്ടിടനികുതിയിനത്തിൽ ഇളവു നൽകുന്നുണ്ടോയെന്നു വിശദമാക്കുമോ; പ്രസ്തുത ഇളവ് ഇത്തരം സംവിധാനം നടപ്പിലാക്കുന്നതിൽ പ്രചോദനമാകത്തക്കവിധത്തിൽ വിപുലീകരിക്കുമോ;

(സി) ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിന് കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്</u>

*273 ശ്രീ. ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, കെ. വി. അബ്ദുൾ ഖാദർ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുവാൻ സാധ്യമായിട്ടുണ്ടോ; പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിക്കാതെ പോയ കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പദ്ധതി നടത്തിപ്പ് തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(സി) പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പാകപ്പിഴകളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ വർഷം കേന്ദ്രാവിഷ്കൃത പദ്ധതി തുക ചെലവഴിക്കുന്നതിലെ വീഴ്ച മൂലം നടപ്പുവർഷത്തെ പദ്ധതിക്ക് തുക അനുവദിച്ചപ്പോൾ കുറവ് വരുത്തിയിരുന്നുവോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നീര ഉത്പാദനത്തിനുള്ള നടപടി</u>

*274 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, സി. മമ്മുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും നീര ഉത്പ്പാദിപ്പിക്കുന്ന കാര്യത്തിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കാനായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നീര ഉത്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നീര ഉത്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്രത്തോളമുണ്ടാവുമെന്നും, അനുയോജ്യപ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

വൃദ്ധജനങ്ങളുടെ സംരക്ഷണം

*275 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നതുകൊണ്ട്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി എന്തൊക്കെ മുൻകരുതലുകളും, സംവിധാനങ്ങളുമാണ് കൂടുതലായി ഏർപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വൃദ്ധജനങ്ങളുടെ അനുപാതത്തിൽ ഉണ്ടാകുന്ന വർദ്ധനയും, അതിവേഗം വ്യാപിക്കുന്ന അണുകുടുംബ വ്യവസ്ഥയും, വൃദ്ധരുടെ സംരക്ഷണക്കാര്യത്തിൽ ഉയർത്തുന്ന വെല്ലുവിളികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംരക്ഷിക്കാൻ ആരുമില്ലാത്ത വൃദ്ധർക്ക് ആഹാര, ആരോഗ്യ, താമസ സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്
<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം</u>

*276 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' വി. ചെന്താമരാക്ഷൻ
'' ബി. സത്യൻ
'' എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന പല സഹായങ്ങൾക്കും വേണ്ടി മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിവരെ ജനങ്ങൾ കാത്തിരുന്നാൽ മാത്രമേ പരിഹാരമുണ്ടാകൂ എന്ന ഇപ്പോഴത്തെ സ്ഥിതിവിശേഷം സംജാതമായതെങ്ങനെ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇത്തരത്തിൽ വീണ്ടും അധികാരകേന്ദ്രീകരണം നടത്തുന്നത് ഒഴിവാക്കുന്നതിനും തദ്ദേശീയമായിത്തന്നെ ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഉതകുന്ന തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.01.2014–ലെ മറുപടിക്ക്

ഇന്ദിര ആവാസ് യോജന

*277 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>വിശ്വമലയാള മഹോത്സവം</u>

*278 ശ്രീ. കെ. അച്ചുതൻ
'' റ്റി. എൻ. പ്രതാപൻ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വിശ്വമലയാള മഹോത്സവം' സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലയാളഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) എന്തെല്ലാം തുടർനടപടിയാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി</u>

*279 ശ്രീ. വര്‍ക്കല കഹാര്‍
,, എം.പി. വിന്‍സെന്റ്
,, കെ. മുരളീധരന്‍
,, വി.പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>മണിലാൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

*280 ശ്രീ. വി. ശിവൻകുട്ടി
,, സി. കെ. സദാശിവൻ
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളിൽ സമയബന്ധിതമായി അച്ചടിജോലി നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി രൂപീകരിക്കപ്പെട്ട മണിലാൽ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശകൾ എന്തെല്ലാമാണ്; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അച്ചടിരംഗത്തെ മാറ്റങ്ങൾക്കനുസൃതമായി സർക്കാർ പ്രസ്സുകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>ഹൈടെക് കൃഷിരീതിയുടെ സ്വാധീനം</u>

*281 ശ്രീ. എ. കെ. ബാലന്‍
,, സി. കൃഷ്ണന്‍
,, സാജു പോള്‍
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൈടെക് കൃഷി രീതി പ്രായോഗികതലത്തില്‍ എത്തിച്ചുവോ; വിശദാംശങ്ങള്‍ നല്‍കാമോ;

(ബി) ഹൈടെക് കൃഷിരീതിയ്ക്ക് കാര്‍ഷിക മേഖലയില്‍ എന്ത് സ്വാധീനം ചെലുത്താന്‍ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വന്‍തുക മുതല്‍മുടക്കമുളള ഇത്തരം കൃഷിരീതികള്‍ സംസ്ഥാനത്തെ ചെറുകിട കര്‍ഷകര്‍ക്ക് ഗുണകരമാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നറിയിക്കാമോ;

(ഡി) ഹൈടെക് കൃഷിരീതിയുടെ പ്രയോഗത്തിലൂടെ കാര്‍ഷികോല്പാദനത്തില്‍ ഗുണകരമായ എന്തെല്ലാം മാറ്റമാണ് ഉണ്ടായതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തൽ</u>

*282 ഡോ. ടി. എം. തോമസ് ഐസക്
'' കെ. ടി. ജലീൽ
ശ്രീ. എളമരം കരീം
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മൂന്നാം തട്ടായി പ്രവർത്തിക്കാൻ പ്രാപ്തിയുള്ളവയായി, സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണത്തിനുള്ള സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുവാൻ അവയ്ക്ക് സാധ്യമാകുന്നുണ്ടോ;

(സി) സാമ്പത്തികവളർച്ചയ്ക്കും സാമൂഹ്യനീതിയ്ക്കും ഉതകുന്ന നിലയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും ഇത് വിലയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയ ചുമതലകളിൽ സർക്കാർ ഇനിയും കൈമാറാത്തവ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>കർഷക ആത്മഹത്യ - ധനസഹായ വിതരണം</u>

*283 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനു ശേഷം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ആത്മ ഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കർഷക ആത്മഹത്യ ഒഴിവാക്കുന്നതിനായി രൂപം കൊടുത്ത കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്
<u>ഇടുക്കി പാക്കേജ്</u>

*284 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) പദ്ധതിനടത്തിപ്പിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാമാണ് ഈ വീഴ്ചകളെന്നറിയിക്കുമോ;

(സി) നടപ്പാക്കിയ പദ്ധതികൾക്കെല്ലാം ചേർത്ത് എന്തു തുക ചെലവഴിച്ചു; ഇത് പാക്കേജ് നടപ്പാക്കുന്നതിന് അനുവദിച്ച മൊത്തം തുകയുടെ എത്ര ശതമാനം വരും;

(ഡി) പാക്കേജ് നടപ്പാക്കുന്നതിനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനം</u>

*285 ശ്രീ. എം. എ. ബേബി
,, പുരുഷൻ കടലുണ്ടി
,, റ്റി. വി. രാജേഷ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ? വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇക്കാലയളവിൽ ഈ സംവിധാനങ്ങൾ മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തരിശ് രഹിത കേരളം പദ്ധതി</u>

*286 ശ്രീ. സി. കെ. നാണു
,, മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നെൽകൃഷി നടത്തുന്ന നിലങ്ങളുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള നിലങ്ങളുടെ വിസ്തൃതിയിൽ എത്ര ശതമാനം നിലങ്ങളിൽ കൃഷി നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത തരിശ് രഹിത കേരളം പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; വ്യക്തമാക്കാമോ ; ഈ സർക്കാർ വന്നതിനു ശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൃപ്തി ന്യായവില ഭക്ഷണശാലകൾ</u>

*T.287 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
'' പുരുഷൻ കടലുണ്ടി
'' കെ. രാധാകൃഷ്ണൻ
'' കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ആരംഭിക്കുകയുണ്ടായോ; ഇതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസി വഴി ഏതെല്ലാം സംഘടനകളുടെ സഹായത്തോടുകൂടി എത്ര കേന്ദ്രങ്ങളിലാണ് ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിട്ടുള്ളത്;

(സി) ഈ ബജറ്റ് നിർദ്ദേശം സംസ്ഥാനത്താകെ നടപ്പാക്കുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിച്ചിരുന്നു;

(ഡി) പ്രഖ്യാപിച്ച സ്ഥലങ്ങളിൽ എല്ലാം തൃപ്തി ഭക്ഷണശാലകൾ എപ്പോൾ മുതൽ പ്രവർത്തിച്ചു തുടങ്ങും?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

## സ്വാഭാവിക റബ്ബറിന്റെ വിലയിടിവ്

*288 ശ്രീ. സാജു പോൾ
,, കോടിയേരി ബാലകൃഷ്ണൻ
,, രാജു എബ്രഹാം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തെ റബ്ബർ കർഷകരെ ഏതുവിധത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി തടയുന്നതിന് നടപടി കൈക്കൊള്ളണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ സർക്കാർ തയ്യാറാകുമോ;

(സി) വൻകിട ടയർ നിർമ്മാതാക്കൾക്കാവശ്യമുള്ളത്രയും റബ്ബർ കുറഞ്ഞ നിരക്കിലുള്ള തീരുവയിൽ അവർ ഇറക്കുമതി ചെയ്തതിന് ശേഷം തീരുവയിൽ വർദ്ധനവ് വരുത്തിയ കേന്ദ്രസർക്കാർ നടപടി റബ്ബർ വിലയിടിവ് തടയുന്നതിന് സഹായകരമായിട്ടില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം സ്ഥിതിവിശേഷം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

**കേരള നിയമസഭ**
**29.01.2014-ലെ മറുപടിക്ക്**

<u>അഗ്രോ സർവ്വീസ് സെന്ററുകൾ</u>

*289 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഇതു വഴി ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കാൻ ഇവയുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ</u>

*290 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(ബി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിലപാട് അറിയിക്കുമോ;

(സി) ഐ.സി.ഡി.എസിനെ മിഷൻ മോഡൽ ആക്കുന്നതോടെ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജൈവകൃഷി</u>

*291 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്ജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) വിവിധ ഏജൻസികൾ നടപ്പാക്കുന്ന പ്രസ്തുത പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>നഗരവികസന പദ്ധതികൾ</u>

*292

ശ്രീ. വി. ശശി
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവികസന പദ്ധതികളായ ബേസിക് സർവ്വീസ് ടു അർബൻ പൂവർ, പോവർട്ടി സോഷ്യൽ ഫണ്ട്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, സിറ്റി മൊബിലിറ്റി പ്ലാൻ, ടാക്സ് മാപ്പിംഗ് തുടങ്ങിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; ഓരോ പദ്ധതിയുടെയും ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായുള്ള ഫണ്ട് സ്വരൂപിച്ചത് എങ്ങനെയാണ്; ഇതിൽ ലോകബാങ്കിൽ നിന്നും എന്തു തുക വായ്പയെടുത്തു; പലിശയിനത്തിൽ ഇതുവരെ എന്തു തുക നൽകി; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ?

## കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷന്റെ ബയോഗ്യാസ് പ്ലാന്റുകൾ</u>

*293

ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്;

(ബി) ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി</u>

*294 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ</u>

*295 ശ്രീ. ജെയിംസ് മാത്യു
,, കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ പൊതുആവശ്യ ഫണ്ടും അറ്റകുറ്റപണി ഫണ്ടും കൃത്യമായി അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള സമയക്രമം വിശദീകരിക്കാമോ ; ഇതനുസരിച്ചാണോ ഫണ്ട് അനുവദിക്കൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഫണ്ട് കൈമാറ്റത്തിൽ കാലതാമസം നേരിട്ടതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതായ സാഹചര്യം നിലനില്ക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>ഭവനപദ്ധതി - ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ്</u>

*296 ശ്രീ. സി. കൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഭവനപദ്ധതികളുടെ ഗുണഭോക്താക്കൾ 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കാണിച്ച് രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിളവ് അനുവദിക്കാത്തതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗ്രാമവികസന വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഫീസിളവ് അനുവദിച്ചു നൽകണമെന്ന ആവശ്യം രജിസ്ട്രേഷൻ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി വേതന വിതരണത്തിൽ കുടിശ്ശിക</u>

*297 ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വേതന വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതു സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് നോട്ടീസ് അയച്ചിട്ടുണ്ടോ;

(സി) വേതന വിതരണത്തിൽ കുടിശ്ശിക വരുവാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 29.01.2014-ലെ മറുപടിക്ക്

<u>മാലിന്യനിർമ്മാർജ്ജന പദ്ധതികൾ</u>

*298 ശ്രീ. സി. മമ്മൂട്ടി
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തനവിജയം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം എത്രത്തോളമാണെന്നും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് അവ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

സാമൂഹ്യ അനാചാരങ്ങൾ തടയാൻ നടപടി

*299 ശ്രീ. എം. ചന്ദ്രൻ
,, ഇ. പി. ജയരാജൻ
,, കെ. വി. അബ്ദുൾ ഖാദർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറബിക്കല്യാണവും ശൈശവ വിവാഹവും ഇപ്പോഴും തുടരുന്നതായി അറിവുണ്ടോ; ജാതീയവും മതപരവും സാമൂഹ്യവുമായ വ്യവസ്ഥയുടെ തണലിൽ ഇത്തരം അനാചാരങ്ങൾ അരങ്ങേറുമ്പോൾ ആയത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം നിയമവിരുദ്ധനടപടികൾക്ക് കൂട്ടുനില്ക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം കല്യാണത്തിൽ ഏർപ്പെട്ടവർക്കും, അതിന് കൂട്ടുനിന്നവർക്കും എതിരെ എടുത്ത ശിക്ഷാനടപടികളെക്കുറിച്ചും ശിക്ഷ അനുഭവിച്ചവരെ സംബന്ധിച്ചും ഉള്ള വിവരങ്ങൾ അറിയാമോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 29.01.2014-ലെ മറുപടിക്ക്

ജില്ലാകളക്ടർമാർക്ക് പഞ്ചായത്ത് ഭരണത്തിൽ ഇടപെടുന്നതിനുള്ള അധികാരം

*300 ശ്രീ. പി.റ്റി. എ. റഹീം
,, ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാകളക്ടർമാർക്ക് പഞ്ചായത്ത് ഭരണത്തിൽ ഇടപെടുന്നതിനുള്ള അധികാരം നൽകാൻ തീരുമാനിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) ഇത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം അധികാരങ്ങളാണ് കളക്ടർമാർക്ക് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 20.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ ചോദ്യങ്ങൾ.